ലൂക്കാ 1:5-25

**2022 നവംബർ 27**

# വചനസന്ദേശം

**ഡോ. റിജു വെളിയിൽ**

കാത്തിരിക്കുന്നവനാണ് മനുഷ്യൻ. ജീവിതത്തിന്റെ നല്ലൊരുഭാഗം കാത്തിരിപ്പിൽ ചെലവഴിക്കുന്നവരാണ് ഓരോ മനുഷ്യരും. ബസ് സ്റ്റാൻഡിൽ, റയിൽവേ സ്റ്റേഷനിൽ, എയർപോർട്ടിൽ ഒക്കെ കാത്തിരിപ്പിനായി പ്രത്യേക കേന്ദ്രങ്ങൾ തന്നെയുണ്ട്.

കാത്തിരിപ്പ് ദൈവികമാണ്. ദൈവവും കാത്തിരിക്കുന്നവനാണ്. നല്ല ഫലം കായ്ക്കുന്ന നാളിനായി ചുവടിളക്കി വളമിട്ടു കാത്തിരിക്കുന്നവനാണവൻ. മനുഷ്യന്റെ ഓരോ കാത്തിരിപ്പും സഫലമാകുന്നത് ദൈവം കടന്നുവരു മ്പോഴാണ്. കാത്തിരിപ്പിനറുതി വരുമ്പോഴാണ് ജീവിതം മുന്നോട്ടു നീങ്ങുന്നത്. രക്ഷാകര ചരിത്രമെന്നത് കാത്തിരിപ്പിന്റെ ചരിത്രമായിരുന്നു. രക്ഷകനുവേണ്ടി ഏദെനിൽ തുടങ്ങിയ കാത്തിരിപ്പിന് മന്വന്തരങ്ങൾ കഴിഞ്ഞിട്ടും അറുതിയായില്ല. മനഷ്യകുലത്തിന്റെ മുഴുവൻ കാത്തിരിപ്പിന് ദൈവം അറുതി വരുത്താൻ തീരുമാനിച്ചു. കാത്തിരിപ്പ് അവസാനിക്കുന്ന നിമിഷമേതെന്ന് തീരുമാനിക്കാൻ ദൈവത്തിനേ കഴിയൂ. രക്ഷയുടെ ദിവ്യമായ ആ നിമിഷമാണ് ''കാലത്തിന്റെ പൂർണ്ണത'' കൈവരിക്കുന്ന നിമിഷം. കാത്തിരിപ്പിനെ ഓർക്കുന്ന കാലമാണ് ആഗമനകാലം. സഭാവത്സരത്തിലെ ആദ്യത്തെ ആഴ്ചവട്ടം ഇന്ന് ആരംഭിക്കുകയാണ്. ദൈവജനത്തിന്റെ കാത്തിരിപ്പിന് അറുതി വരുത്തുന്നതിന്റെ ആമുഖമായി ദൈവം ഒരു വൃദ്ധദാമ്പത്യത്തിന്റെ നീണ്ട കാത്തിരിപ്പിന് ഉത്തരം കൊടുക്കുന്നതാണ് ഇന്നത്തെ സുവിശേഷം.

വി. ഗ്രന്ഥത്തിലെ സുപ്രധാന വ്യക്തികളുടെയെല്ലാം മാതാപിതാക്കൾ വന്ധ്യരായിരുന്നു എന്നതാണ് സത്യം. അബ്രാഹത്തിന്റെ ഭാര്യ സാറാ, ഇസഹാക്കിന്റെ ഭാര്യ റബേക്ക, യാക്കോബിന്റെ ഭാര്യ റാഹേൽ, എൽക്കാനയുടെ ഭാര്യ ഹന്ന (സാമുവലിന്റെ അമ്മ)... തുടങ്ങി ആ ചരിത്രം നീളുകയാണ്. അബ്രാഹം വിവാഹശേഷം 82 വർഷങ്ങൾ കാത്തിരുന്നപ്പോഴാണ് ഇസഹാക്ക് ജനിച്ചത്. കാത്തിരിപ്പിന്റെ നീണ്ട ദശാബ്ദങ്ങൾ അബ്രാഹത്തിന്റെ വിശ്വാസത്തിന് ഉരുക്കിന്റെ കരുത്ത് പകർന്നു. വിവാഹശേഷം ഒന്നോ രണ്ടോ കൊല്ലങ്ങൾക്കുള്ളിൽ ഇസഹാക്കു ജനിച്ചിരുന്നെങ്കിൽ അബ്രാഹം ഇസഹാക്കിന്റെ മാത്രം പിതാവാകുമായിരുന്നു. എന്നാൽ 82 കൊല്ലത്തെ കാത്തിരിപ്പ് അബ്രാഹത്തെ വിശ്വാസികളുടെ മുഴുവൻ പിതാവാക്കി മാറ്റി.

മനുഷ്യന്റെ നിസ്സഹായത ബോധ്യപ്പെടുത്തി സമ്പൂർണ്ണ ദൈവാശ്രയത്തി ലെത്തിക്കാൻ കാത്തിരിപ്പിലൂടെ കഴിയുന്നു. കല്യാണത്തിനുശേഷം 10 കൊല്ലം കാത്തിരുന്നു കിട്ടിയ കുഞ്ഞിനെ തങ്ങളുടെ കഴിവിന്റെ ഫലമെന്നല്ല ദൈവദാനമെന്നാണ് ദമ്പതികൾ ഏറ്റു പറയുന്നത്. സ്വന്തം കഴിവിലുള്ള വ്യർത്ഥാഭിമാനം അവസാനിപ്പിച്ച് ദൈവിക ഇടപെടലിനുവേണ്ടി പ്രാർത്ഥിക്കുകയാണ് കാത്തിരിപ്പുകൾ സഫലമാകാനുള്ള ഏക വഴി. ദൈവവിശ്വാസം എന്നത് ദൈവം ഇടപെട്ട് ഉത്തരം തരുന്ന നിമിഷം വരും എന്ന ബോധ്യത്തോടെ കാത്തിരിക്കാനുള്ള കഴിവാണ്. സഖറിയായുടെ കാത്തിരിപ്പ് സഫലമാകാൻ ദൈവം ഇടപെടുന്ന സംഭവത്തോടെയാണ് ലൂക്കാ സുവിശേഷം ആരംഭിക്കുന്നത്.

സുവിശേഷത്തിലെ ആദ്യ അദ്ധ്യായത്തിൽ പ്രത്യക്ഷപ്പെടുന്ന രണ്ടു സ്ത്രീകൾ എലിസബത്തും മറിയവും പഴയ നിയമത്തിലെ പുറപ്പാടു സംഭവവുമായി അഭേദ്യം ബന്ധപ്പെട്ടവരാണ് (പുറ. 6:23) എലിസബത്ത് എന്നത് അഹറോന്റെ ഭാര്യയുടെ പേരാണെങ്കിൽ മറിയം (ഹീബ്രുവിൽ മറിയാം) എന്നത് മോശയുടെ സഹോദരിയുടെ പേരാണ്. പേരുകളിലെ പൊരുത്തം കേവലം യാദൃശ്ചികമാകണമെന്നില്ല. പുതിയ നിയമത്തിലെ പുതിയ പുറപ്പാടിനു നാന്ദി കുറിക്കുന്ന രണ്ടു സ്ത്രീകളുടെ പേരുകൾ പഴയ നിയമ പുറപ്പാടിനു നേതൃത്വം കൊടുത്ത രണ്ടു സ്ത്രീകളുടെ പേരിനോട് പൊരുത്തപ്പെടുന്നത് ന്യായയുക്തമാണ്. ആദിയിൽ ആരംഭിച്ച രക്ഷാകര ചരിത്രം തന്നെയാണ് യേശുവിലൂടെ മുന്നോട്ടു നീങ്ങുന്നതും പൂർത്തീകരിക്കപ്പെടുന്നതും എന്ന് ഈ പേരുകളിലൂടെ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുകയാണ്.